# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 549 — 28-09-2016-ൽ മറുപടിയ്ക്ക്

### പട്ടികജാതി പട്ടികവർഗ്ഗ ഒ.ഇ.സി വിഭാഗത്തിലുൾപ്പെടുന്ന വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ.ജെ. മാക്സി** | | **ശ്രീ. എ.കെ.ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിൽ ബി.സി.എ. ഉൾപ്പെടെയുള്ള കോഴ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ ഒ.ഇ.സി. വിഭാഗത്തിലുൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ ഈ വിഭാഗത്തിൽപ്പെടുന്ന സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | ബി) | പട്ടികജാതി പട്ടികവർഗ്ഗ ഒ.ഇ.സി. വിഭാഗത്തിലുൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച 02.07.2009ലെ ജി.ഒ.(പി)50/2009/പജപവവിവ ഉത്തരവിലെ സെക്ഷൻ,സി (iii) പ്രകാരം സ്വകാര്യ അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്നവർക്ക് യാതൊരു വിധ ആനുകൂല്യങ്ങളും നൽകുന്നതല്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കാൻ നിർവ്വാഹമില്ല. എന്നാൽ സംസ്ഥാനത്തെ അംഗീകൃത കോളേജുകളിൽ |

| | | | |
|---|---|---|---|
| | | | ബി.സി.എ. ഉൾപ്പെടെയുള്ള കോഴ്സുകൾക്ക് പഠിക്കുന്ന 2 1/2 /- ലക്ഷം രൂപയിൽ താഴെ കുടുംബ വരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ഗവ. ഓഫ് ഇന്ത്യ സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്. |
| സി | അഡ്മിഷൻ വിഭാഗത്തിലെ മെറിറ്റ്, മാനേജ്മെന്റ് എന്ന മാനദണ്ഡം ആനുകൂല്യ വിതരണത്തിന് ബാധകമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | സി) | 02.07.2009ലെ ജി.ഒ.(പി)50/2009/പജപവവിവ പ്രകാരം സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് അഡ്മിഷൻ വിഭാഗത്തിലെ മെറിറ്റ്/ മാനേജ്മെന്റ് എന്ന മാനദണ്ഡം ആനുകൂല്യ വിതരണത്തിന് ബാധകമാക്കിയിട്ടുണ്ട്. ഗവൺമെന്റ് ഓഫ് ഇൻഡ്യ സ്കോളർഷിപ്പ് അനുവദിയ്ക്കുന്നതിന് മേൽ മാനദണ്ഡം ബാധകമല്ല. |
| ഡി) | ഏതു തരത്തിലുള്ള പ്രവേശനമാണെന്നത് പരിഗണിക്കാതെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | ഡി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ